# പതിനാലാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1755 — 05-02-2019 ൽ മറുപടിയ്ക്ക്

## ന്യൂനപക്ഷക്ഷേമ വകുപ്പിന്റെ കീഴിൽ മത്സരപരീക്ഷാ പരിശീലന കേന്ദ്രങ്ങൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.കെ.കുഞ്ഞിരാമൻ | | ശ്രീ. കെ.ടി. ജലീൽ<br>(ഉന്നത വിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി) | |
| (എ) | സംസ്ഥാനത്ത് ന്യൂനപക്ഷ ക്ഷേമ വകുപ്പിന്റെ കീഴിൽ യുവജനങ്ങൾക്കായി എല്ലാ ജില്ലകളിലും ഓരോ മത്സരപരീക്ഷാ പരിശീലന കേന്ദ്രങ്ങൾ ആരംഭിക്കുന്നത് പരിഗണനയിലുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ; | (എ) | 2018-19 ബഡ്ജറ്റ് സ്പീച്ചിൽ സംസ്ഥാനത്ത് 14 ന്യൂനപക്ഷ യുവജന പരിശീലനകേന്ദ്രങ്ങൾ ആരംഭിക്കുമെന്ന് പ്രഖ്യാപിച്ചിരുന്നു. ഇതിൽ ഏഴ് പരിശീലനകേന്ദ്രങ്ങൾ ആരംഭിക്കുന്നതു സംബന്ധിച്ച നടപടി സ്വീകരിച്ചുവരുന്നു. |
| (ബി) | കാസർഗോഡ് ജില്ലയിൽ ആരംഭിക്കുന്ന പരിശീലനകേന്ദ്രം ന്യൂനപക്ഷവിഭാഗങ്ങൾ തിങ്ങിപ്പാർക്കുന്നതും ജില്ലയുടെ ഏതാണ്ട് മദ്ധ്യഭാഗത്ത് വരുന്നതുമായ പള്ളിക്കര പഞ്ചായത്തിൽ അനുവദിക്കണമെന്ന സ്ഥലം എം.എൽ.എ.യുടെ അപേക്ഷയിന്മേൽ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ? | (ബി) | പള്ളിക്കര പഞ്ചായത്തിൽ പരിശീലനകേന്ദ്രം അനുവദിക്കണമെന്ന സ്ഥലം എം.എൽ.എ.യുടെ അപേക്ഷയിലെ ആവശ്യം പരിശോധിച്ചുവരികയാണ്. |

സെക്ഷൻ ഓഫീസർ